മലയാളത്തിന്റെ
പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്**
നിങ്ങളുമായി സംവദിക്കുന്നു



# ശിഹാബ്ക്കയോട് ചോദിക്കാം

**കുട്ടികൾ വായിച്ചിരിക്കേണ്ട കുറച്ചു പുസ്തകങ്ങൾ പറഞ്ഞുതരാമോ?**

● ലിയോ സിയൂസ്
മമ്പറം യു.പി. സ്‌കൂൾ, കണ്ണൂർ

● നല്ല വായനക്കാരായ കുട്ടികളുടെ മനസ്സിൽ വരുന്ന ചോദ്യമാണിത്. ഏതുതരം പുസ്തകമാണ് നിങ്ങളിഷ്ടപ്പെടുന്നത്? നിങ്ങളുടെ പ്രായമെന്ത്? എങ്ങനെയാണ് നിങ്ങൾക്ക് പുസ്തകം കിട്ടുക? സാധാരണനിലയിൽ കുട്ടികളാണെങ്കിൽ ചിത്രമൊക്കെയുള്ള കഥാപുസ്തകമാവും അവർക്ക് കൂടുതൽ ഇഷ്ടപ്പെടുക. അവർക്ക് പഞ്ചതന്ത്രം കഥകൾ, ഈസോപ്പ് കഥകൾ, വിവിധ രാജ്യങ്ങളിലെ നാടോടിക്കഥകൾ, നല്ല ഈണത്തിലും താളത്തിലുമുള്ള കവിതകൾ, നാടൻ പാട്ടുകൾ ഒക്കെയുണ്ട്. നല്ല വിവർത്തന കൃതികളും ഉണ്ട്. കവി അൻവർ അലി പരിഭാഷപ്പെടുത്തിയ 'ടോട്ടോചാൻ' എന്ന ജാപ്പാനീസ് കൃതി പൊതുവെ എല്ലാവർക്കും ഇഷ്ടപ്പെടും. ബഷീറിന്റെ കൃതി ഏതു പ്രായക്കാർക്കും വായിക്കാം. ഞാനൊക്കെ കുട്ടിക്കാലത്ത് രസിച്ച് വായിച്ചിട്ടുണ്ട്, വൈക്കം മുഹമ്മദ് ബഷീറിന്റെ 'ആനവാരിയും പൊൻകുരിശു'മൊക്കെ.

കുറച്ചു കൂടി മുതിർന്നവർക്ക് കാരൂരിന്റെ കഥകൾ വായിക്കാം. ടി. പത്മനാഭന്റെ കഥകളും ലളിതമാണ്. കുറച്ച്

വലിയൊരു പുസ്തകം വായിക്കാൻ തയ്യാറുണ്ടോ? എങ്കിൽ 'ആരോഗ്യനികേതനം' എന്ന ബംഗാളി നോവൽ വായിക്കാൻ കൂടി ഈ ഒഴിവുകാലം മാറ്റിവെക്കുക.

**പല മാസികകളുടെയും കവറിലെ തലക്കെട്ടുകൾ കണ്ട് വളരെ താൽപര്യത്തോടെ വായിക്കാൻ എടുക്കും. ആ ലേഖനങ്ങൾക്ക് തലക്കെട്ടുകളുമായി ഒരു ബന്ധവും ഇല്ല എന്ന് വായിക്കുമ്പോഴാണ് മനസ്സിലാവുക. പണ്ടൊന്നും ഇങ്ങനെ ആയിരുന്നില്ലെന്നും ഇപ്പൊ എല്ലാം മാർക്കറ്റിംഗ് ആണെന്നും ഉപ്പ പറഞ്ഞു. ശിഹാബുദ്ദീൻ ഇക്കാടെ അഭിപ്രായം?**

● ജൂലിയാ കരീം
സുല്ലമിസ്‌ലാം ഹയർസെക്കൻഡറി സ്കൂൾ, അരിക്കോട്

● ഉള്ളതുപറഞ്ഞാൽ ഇക്കാര്യം ഞാൻ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ഇനി നോക്കാം. അങ്ങനെ ഉണ്ടെങ്കിൽ അത് ശരിയല്ലല്ലോ കൂട്ടുകാരേ. ചക്ക എന്നു പറഞ്ഞിട്ട് മാങ്ങ വിൽക്കാൻ പാടില്ലല്ലോ.

**സാഹിത്യരചനകൾ കൈകൊണ്ട് എഴുതുന്നതോ ഡി.ടി.പി ചെയ്യുന്നതോ ഇഷ്ടം? കഥകൾ കമ്പ്യൂട്ടറിലാണോ ഇക്ക ആദ്യം എഴുതാറ്?**

● അൻഷിതാ ഷെറിൻ
ഗവ. ഹയർസെക്കൻഡറി സ്കൂൾ, മങ്കട

● രണ്ടും ശരി തന്നെ എന്ന് പറയേണ്ടി വരും. രണ്ടിനും രണ്ടുതരം സൗകര്യങ്ങളാണ്. കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്താൽ അതിൽ നല്ല കൈത്തഴക്കം വന്നാൽ നമ്മുടെ തലച്ചോറിനൊപ്പം രചനയുടെ വേഗതയും കൂടും. ഇതാണ് എന്റെ അനുഭവം. എഴുതിയത് സൂക്ഷിക്കാനും മറ്റുള്ളവർക്ക് അയച്ചുകൊടുക്കാനും എഴുതിയതിൽ വേണ്ട മാറ്റങ്ങൾ നടത്താനുമൊക്കെ കമ്പ്യൂട്ടറിൽ എളുപ്പമാണ്. എന്നാൽ എഴുതുന്നതിൽ ഒരു പ്രത്യേക അനുഭൂതിയുണ്ട് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ശീലംകൊണ്ട് അങ്ങനെ തോന്നുന്നതുമാവാം. ആ ശീലം ഒരു ദുശ്ശീലവുമാവാം!

കമ്പ്യൂട്ടറിലെഴുതിയാൽ ഒരു കോപ്പി എടുത്തുസൂക്ഷിക്കണേ. ഇല്ലെങ്കിൽ പണിപാളും. കമ്പ്യൂട്ടർ കേടായാൽ തീർന്നു! ഏതു മാർഗം ഉപയോഗിച്ചെഴുതിയാലും ശരി, എഴുത്തിൽ കഴമ്പുണ്ടാവണം.

**ദുഃഖം പോലത്തെ വാക്കുകൾ മുമ്പ് എഴുതുമ്പോൾ വിസർഗം (ഃ) ഉണ്ടായിരുന്നു. ഇപ്പോ ആരും അത് ഉപയോഗിക്കുന്നില്ല. ഇത്തരം പദങ്ങളിൽ വിസർഗം ആവശ്യമുണ്ടോ?**

● നിബ നസ്റിൻ
എ.എം.എൽ.പി. സ്കൂൾ, കടന്നമണ്ണ

● ഇക്കാര്യത്തിൽ രണ്ട് അഭിപ്രായമുണ്ട്. അർഥം മനസ്സിലാക്കാനാണല്ലോ വാക്ക്. ദുഃഖത്തിന് വിസർഗം ഒഴിവാക്കിയാൽ മറ്റൊരു അർഥം പൊതുവെ വരാറില്ല. പക്ഷേ എനിക്ക് 'ദുഃഖം' എന്നെഴുതിയില്ലെങ്കിൽ എന്താണെന്നറിയില്ല, ഒരു ദുഃഖം വരാത്ത പോലെയാ. ✦

**ശിഹാബ്ക്കയോട് ചോദിക്കാം**

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി മാസിക,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.